പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2018 ജൂൺ 21-ാം തീയതി സമർപ്പിച്ചത്
(Presented on 21st June, 2018)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VII
# (SUBJECT COMMITTEE VII)

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും
## (ELECTRICITY, LABOUR AND LABOUR WELFARE)

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

1183/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# അവതാരിക

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി VII (2017-18)-ന്റെ രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 30-5-2018, 19-6-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് സർക്കാരിൽനിന്നും മറുപടി ലഭിച്ച ശിപാർശകളും മറുപടികളും, രണ്ടാം ഭാഗത്ത് മറുപടി ലഭിക്കാത്ത ശിപാർശകളുടെ പട്ടികയും ചേർത്തിരിക്കുന്നു.

19-6-2018-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ജൂൺ 19.

 റ്റി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

# സബ്ജക്ട് കമ്മിറ്റി VII

## (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. എം. എം. മണി,
വൈദ്യുതി വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.

ശ്രീ. കെ. ദാസൻ, "

ശ്രീ. ടി. വി. ഇബ്രാഹിം, "

ശ്രീ. എം. രാജഗോപാലൻ, "

ശ്രീ. വി. പി. സജീന്ദ്രൻ, "

*ശ്രീ. തോമസ് ചാണ്ടി, "

ശ്രീ. പി. ഉണ്ണി, "

ശ്രീമതി വീണാ ജോർജ്ജ്, "

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

---

* ശ്രീ. തോമസ് ചാണ്ടി, എം. എൽ. എ. 27 ഡിസംബർ 2017-ൽ സമിതിയംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. (ബുള്ളറ്റിൻ ഭാഗം 2 നമ്പർ 345)

# റിപ്പോർട്ട്

## ഭാഗം I

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും.

## തൊഴിലും നൈപുണ്യവും വകുപ്പ്

### ശിപാർശ

2230-01-001-99—നടത്തിപ്പ്

വിഹിതം : 5,80,85,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ലേബർ കമ്മീഷണറുടെയും അദ്ദേഹത്തിന്റെ ഓഫീസിലെ ജീവനക്കാരുടെയും വേതനം, വെള്ളക്കരം, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലിഫോൺ ചെലവ്, ഔദ്യോഗിക ഭാഷാപ്രയോഗം, ഇന്ധനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഭരണവും നടത്തിപ്പും-വേതനം (02) ഇനത്തിൽ 6,00,000 രൂപയും, വെള്ളക്കരം [05(1)] ഇനത്തിൽ 2,00,000 രൂപയും, ടെലിഫോൺ ചെലവ് [05(3)] ഇനത്തിൽ 1,00,000 രൂപയും, ഔദ്യോഗിക ഭാഷാ പ്രയോഗം (26) ഇനത്തിൽ 1,00,000 രൂപയും, വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും 21(2) ഇനത്തിൽ 3,00,000 രൂപയും, ഇന്ധനം (45) ഇനത്തിൽ 2,00,000 രൂപയും, വൈദ്യുത ചെലവ് [05(2)] ഇനത്തിൽ 7,00,000 രൂപയും ഉൾപ്പെടെ ആകെ 22,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

"2230-01-001-99" ലേബർ കമ്മീഷണറേറ്റ് ഭരണവും നടത്തിപ്പും വേതനം (02) ഇനത്തിൽ സമിതി 6,00,000 രൂപ ശിപാർശ ചെയ്തിരുന്നു. 23-10-2017-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 7967/17/ഫിൻ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻവഴി 16,00,000 രൂപ അനുവദിച്ചിരുന്നു. വെള്ളക്കരം [05(1)] ഇനത്തിൽ സമിതി ശിപാർശ ചെയ്ത 2,00,000 രൂപ 16-9-2017-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 7080/17/ഫിൻ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻവഴി ലഭ്യമാക്കി ചെലവഴിക്കുകയുണ്ടായി.

[05(2)] വൈദ്യുതി ചാർജ്ജ് ഇനത്തിൽ സമിതി ശിപാർശ ചെയ്ത 7,00,000 രൂപ 16-9-2017-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 7080/17/ഫിൻ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി ലഭ്യമാക്കി ചെലവഴിക്കുകയുണ്ടായി. കൂടാതെ 1,00,000 രൂപ ഈ ഇനത്തിൽ 26-3-2018 ലെ ജി.ഒ. (ആർ.റ്റി) നമ്പർ 2615/2018/ഫിൻ ഉത്തരവ് പ്രകാരം റീ അപ്രോപ്രിയേഷനായി ലഭ്യമാക്കുകയുണ്ടായി.

[05(3)] ടെലിഫോൺ ചാർജ് ഇനത്തിൽ സമിതി ശിപാർശ ചെയ്ത 1,00,000 രൂപയ്ക്കുള്ള പ്രൊപ്പോസൽ ലേബർ കമ്മീഷണർ സമർപ്പിച്ചുവെങ്കിലും ആയത് ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായില്ല. 26-3-2018-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 2615/2018/ഫിൻ ഉത്തരവ്പ്രകാരം റീ അപ്രോപ്രിയേഷനായി 75,000 രൂപ ലഭ്യമാക്കുകയുണ്ടായി.

(26) ഔദ്യോഗികഭാഷാ പ്രയോഗത്തിനായി സമിതി ശിപാർശ ചെയ്ത 1,00,000 രൂപയ്ക്ക് ലേബർ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ധനകാര്യവകുപ്പ് അനുവദിക്കുകയുണ്ടായില്ല.

21 (2) വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും സംബന്ധിച്ച ശീർഷകത്തിൽ 3,00,000 രൂപ അനുവദിക്കുന്നതിന് ലേബർ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായില്ല എങ്കിലും 26-3-2018-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 2615/2018/ഫിൻ ഉത്തരവ് പ്രകാരം റീ അപ്രോപ്രിയേഷൻ മുഖേന 1,25,000 രൂപ ലഭ്യമാക്കുകയും ആയത് ചെലവഴിക്കുകയുമുണ്ടായി.

45 POL ഇന്ധനം സംബന്ധിച്ച ശീർഷകത്തിൽ 2,00,000 രൂപ അനുവദിക്കുന്നതിന് ലേബർകമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ധനകാര്യവകുപ്പ് അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-001-98—<u>ജില്ലാ ആഫീസുകൾ</u>

വിഹിതം : 21,13,44,000 രൂപ (പദ്ധതിയേതരം)

മൂന്ന് റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെ ഓഫീസുകളിലെയും നാല് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരുടെ ഓഫീസുകളുടെയും 14 ജില്ലാ ലേബർ ഓഫീസുകളിലെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് [01(4)] ഇനത്തിൽ 4,00,000 രൂപയും, സ്ഥലംമാറ്റ ബത്ത [04(2)] ഇനത്തിൽ 2,00,000 രൂപയും, വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 1,00,000 രൂപയും ഉൾപ്പെടെ ആകെ 7,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

2230-01-001-98 ജില്ലാ ഓഫീസുകൾ വിവിധ ഉപശീർഷകങ്ങളിലേക്ക് 7,00,000 രൂപ സമിതി ശിപാർശ ചെയ്തിരുന്നു. ആയത് സംബന്ധിച്ച് ലേബർ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പിന് അയച്ചുവെങ്കിലും ടി വകുപ്പ് തുക അനുവദിക്കുകയുണ്ടായില്ല

ശിപാർശ

2230-01-103-99—ക്ഷേമകാര്യ പ്രവർത്തനങ്ങൾ (ജനറൽ)

വിഹിതം : 18,32,88,000 രൂപ (പദ്ധതിയേതരം)

101 അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെയും 5 ഡെപ്യൂട്ടി ലേബർ ഓഫീസുകളുടെയും ചെലവുകൾ നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ വേതനം, ടെലിഫോൺ ചാർജ്ജസ് എന്നീ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക കുറവായതിനാൽ, വേതനം (02) ഇനത്തിൽ 5,00,000 രൂപയും, ടെലിഫോൺ ചാർജ്ജസ് [05(3)] ഇനത്തിൽ 7,00,000 രൂപയും ഉൾപ്പെടെ ആകെ 12,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ വേതനം, ടെലിഫോൺ ചാർജ്ജ് എന്നിവയ്ക്കായി 12,00,000 രൂപ സമിതി ശിപാർശ ചെയ്തിരുന്നു. ആയത് സംബന്ധിച്ച് ലേബർ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പിന് അയച്ചുവെങ്കിലും ടി വകുപ്പ് തുക അനുവദിക്കുകയുണ്ടായില്ല. 26-3-2018-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 2615/2018/ഫിൻ ഉത്തരവ് പ്രകാരം റീ അപ്രോപ്രിയേഷൻ വഴി 3,00,000 രൂപ അനുവദിച്ച് കിട്ടുകയും ആയത് ചെലവഴിക്കുകയും ചെയ്തു.

ശിപാർശ

2230-01-103-96-10—കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദാനം—സംഭാവന

വിഹിതം: 2,40,00,000 രൂപ (പദ്ധതിയേതരം)

കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം 2016-17-ലെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും 2017-18-ലെ പെൻഷൻ വിതരണത്തിനുമായി അധിക തുക ബോർഡിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 115,99,04,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സർക്കാർ സ്വീകരിച്ച നടപടി

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2016-17-ലെ പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും 2017 ഡിസംബർ മാസം വരെ പെൻഷൻ നൽകുന്നതിനുമായി 2017-18 സാമ്പത്തിക വർഷം നാളിതുവരെ ആകെ 82,19,56,000 രൂപ (എൺപത്തി രണ്ട് കോടി പത്തൊാൻപത് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-94-10—മരംകയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തികസഹായം (ജനറൽ)—സംഭാവന

വിഹിതം: 1,00,00,000 രൂപ (പദ്ധതിയേതരം)

മരംകയറ്റ തൊഴിലാളികൾക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ അവർക്കോ ആശ്രിതർക്കോ സാമ്പത്തിക സഹായം നൽകുന്ന വകയിൽ 2016-17-ലെ കുടിശ്ശിക ഉൾപ്പെടെ 2017-18-ലെ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3,70,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സർക്കാർ സ്വീകരിച്ച നടപടി

കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിന് 2017-18 സാമ്പത്തിക വർഷം "2230-01-103-94-10" എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 1,00,00,000 രൂപയും, അഡീഷണൽ ഓതറൈസേഷനായി 1,42,00,000 രൂപയും ചേർത്ത് ആകെ 2,42,00,000 രൂപ (രണ്ട് കോടി നാൽപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) 22-5-2017-ലെ സ.ഉ. (സാധാ) 649/2017/തൊഴിൽ പ്രകാരം ലേബർ കമ്മീഷണർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമല്ലാത്ത സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത തുക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരവും വിഷയനിർണ്ണയ സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-92-10—കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതി—സംഭാവന

വിഹിതം: 1,50,00,000 രൂപ (പദ്ധതിയേതരം)

2016-17 പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും 2017-18-ലെ പെൻഷൻ വിതരണത്തിനുള്ള തുകയും ഉൾപ്പെടെ അധിക തുക ആവശ്യമാണെന്നു കാണുന്നതിനാൽ ഈ ശീർഷകത്തിൽ 19,52,10,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് "2230-01-103-92-10 NP" എന്ന ശീർഷകത്തിൽ സ.ഉ. (സാധാ) 3654/2017/ധന. തീയതി 26-4-2017 പ്രകാരം 1,65,63,000 രൂപയും 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2230-01-103-92-10 NP" എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 1.5 കോടി (ഒരു കോടി അൻപതു ലക്ഷം രൂപ) ഉൾപ്പെടെ 3,15,63,000 (മൂന്നു കോടി പതിനഞ്ചുലക്ഷത്തി അറുപത്തിമൂവായിരം രൂപ മാത്രം) രൂപ സ.ഉ. (സാധാ) 591/17/തൊഴിൽ തീയതി 29-4-2017 പ്രകാരം കൈത്തറി തൊഴിലാളികൾക്ക് 2016 നവംബർ മാസം മുതൽ 2017 ജനുവരി മാസം വരെയുള്ള മൂന്നു മാസത്തെ പെൻഷൻ വിതരണത്തിനായി ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകുകയുണ്ടായി.

സ.ഉ. (സാധാ) നമ്പർ 1099/2017/തൊഴിൽ തീയതി 17-8-2017 പ്രകാരം 2017 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെയുള്ള പെൻഷൻ വിതരണത്തിനായി "2230-01-103-92-10 NP" എന്ന ശീർഷകത്തിൽ 6,82,50,000 രൂപ അധികമായി വകയിരുത്തിക്കൊണ്ടും ലേബർ കമ്മീഷണർക്ക് ഭരണാനുമതി നൽകുകയുണ്ടായി.

എന്നാൽ സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്ന് പോകുന്നതിനാൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 19,52,10,000 രൂപ അധികമായി അനുവദിക്കുന്നതിനുള്ള ശിപാർശ തൽക്കാലം അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുള്ള വിവരവും വിഷയനിർണ്ണയ സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-88-10—കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം—സംഭാവന

വിഹിതം : 40,61,000 രൂപ (പദ്ധതിയേതരം)

മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ ക്ഷേമ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്നു കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 1,45,68,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം അനുവദിച്ചതിന് ശേഷമാണ് ധനകാര്യ വകുപ്പ് അധിക തുകയുള്ള ശിപാർശ പരിഗണിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമ പദ്ധതിയ്ക്കായി വകയിരുത്തിയ 40,61,000 രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന് അയക്കുകയുണ്ടായി. ബഡ്ജറ്റ് വിഹിതത്തിന്റെ 80% തുക റിലീസ് ചെയ്യുന്നതിനാണ് പ്രസ്തുത വകുപ്പ് അനുമതി നൽകിയത്. അതിൻ പ്രകാരം പദ്ധതിയ്ക്കായി വകയിരുത്തിയ തുകയുടെ 80% ആയ 32,48,800 രൂപ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന് അനുവദിച്ചു. സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2230-01-103-87-10—പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ധനസഹായം—സംഭാവന

വിഹിതം: 40,00,000 രൂപ (പദ്ധതിയേതരം)

നിലവിൽ 50% കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്നതിനാൽ 2017-18 സാമ്പത്തിക വർഷത്തേക്ക് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 40,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പൂട്ടികിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനുവേണ്ടി 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 40,00,000 രൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമെ അഡീഷണൽ ആതറൈസേഷനായി 7,81,40,000 രൂപയും ഓണക്കാലത്ത് തൊഴിലാളികൾക്ക് 10 കി.ഗ്രാം അരി വിതരണത്തിനായി അനുവദിച്ച 63,31,000 രൂപയും ഉൾപ്പെടെ ആകെ 8,84,71,000 രൂപ (എട്ടുകോടി എൺപത്തിനാല് ലക്ഷത്തി എഴുപത്തിഒന്നായിരം രൂപ) കൂടി കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് ഈ സാമ്പത്തികവർഷം അനുവദിക്കുകയുണ്ടായി. ഇതിൽ 6,35,50,105 (ആറുകോടി മുപ്പത്തിയഞ്ചു ലക്ഷത്തി അൻപതിനായിരത്തി ഒരുനൂറ്റി അഞ്ചു രൂപ) രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-86-10—<u>കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ ക്ഷേമ പദ്ധതികളും—സംഭാവന</u>

വിഹിതം: 87,00,000 രൂപ (പദ്ധതിയേതരം)

തയ്യൽ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ 2016-17-ലെ പെൻഷൻ കുടിശ്ശികയും, 2017-18 ലെ പെൻഷൻ ഉൾപ്പെടെ ക്ഷേമ പദ്ധതികൾക്കും കൂടുതൽ തുക ആവശ്യമാണെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 84,93,75,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് "2230-01-103-86-10 NP" എന്ന ശീർഷകത്തിൽ 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ അനുവദിക്കുന്നതിന് സ.ഉ. (സാധാ) നമ്പർ 6414/2017/ധന. തീയതി 14-8-2017 പ്രകാരം 17,68,47,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-79-10—<u>കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്കു തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്—സംഭാവന</u>

വിഹിതം : 2,43,00,000 രൂപ (പദ്ധതിയേതരം)

കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിന് കുടിശ്ശിക ഉൾപ്പെടെ അധിക സർക്കാർ ഗ്രാന്റ് ആവശ്യമാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 4,86,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

## സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തികവർഷം കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് വകയിരുത്തിയിരിക്കുന്ന 2,43,00,000 രൂപ അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന് അയച്ചിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യതവണ ആയി 81,00,000 രൂപ റിലീസ് ചെയ്യുന്നതിനാണ് പ്രസ്തുത വകുപ്പ് അനുമതി നൽകിയത്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം സഹിതം ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുക കൂടി അനുവദിക്കുന്നതിന് ധനകാര്യവകുപ്പിന് വീണ്ടും ശിപാർശ അയച്ചിരുന്നുവെങ്കിലും സാമ്പത്തിക ഭദ്രതയുള്ള ബോർഡുകളിൽ, സർക്കാരിന്റെ വിഹിതം അനുവദിക്കുന്നതിന് തൽക്കാലം നിർവാഹമില്ല എന്ന മറുപടിയാണ് പ്രസ്തുത വകുപ്പ് നൽകിയത്. ആയതിനാൽ 2017-18 സാമ്പത്തികവർഷം ബോർഡിന് 81,00,000 രൂപ മാത്രം അനുവദിച്ചു. അധിക തുക അനുവദിച്ചിട്ടില്ല.

## ശിപാർശ

2230-01-103-72-10—കേരള കർഷക തൊഴിലാളി ക്ഷേമബോർഡ് അംശദാനം—സംഭാവന

വിഹിതം: 85,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ മാച്ചിംഗ് ഗ്രാന്റ് കടിശ്ശിക, 2017-18-ലെ മാച്ചിംഗ് ഗ്രാന്റ് എന്നിവ നൽകുന്നതിന് അധിക തുക ബോർഡിന് ആവശ്യമുണ്ടെന്നു കാണുന്നതിനാൽ ഈ ശീർഷകത്തിൽ 38,06,80,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സർക്കാർ സ്വീകരിച്ച നടപടി

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് "2230-01-103-72-10" എന്ന ശീർഷകത്തിൽ 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 85,00,000 രൂപ (എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) പിൻവലിച്ച് ബോർഡിന് നൽകുന്നതിന് 10-7-2017-ലെ സ.ഉ (സാധാ.) നമ്പർ 880/2017/തൊഴിൽ പ്രകാരവും, SDG-യിൽ വകയിരുത്തിയിരുന്ന 30,00,00,000 രൂപ (മുപ്പത് കോടി രൂപ മാത്രം) പിൻവലിച്ച് പ്രസ്തുത ബോർഡിന് നൽകുന്നതിന് 31-7-2017-ലെ സ.ഉ. (സാധാ) 996/2017/തൊഴിൽ പ്രകാരവും ലേബർ കമ്മീഷണർക്ക് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ സമിതി ശിപാർശ ചെയ്ത തുകയിൽ (38,06,80,000 രൂപ) ശേഷിക്കുന്ന 8,06,80,000 രൂപ (എട്ട് കോടി ആറ് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) കൂടി അനുവദിക്കാൻ കഴിയില്ലെന്ന് ധനകാര്യവകുപ്പ് അറിയിച്ചിട്ടുള്ള വിവരവും വിഷയനിർണ്ണയ സമിതിയെ സവിനയം അറിയിക്കുന്നു.

ശിപാർശ

2230-01-103-61-10—കേരള ബാർബർ ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി—സംഭാവന

വിഹിതം: 48,86,000 രൂപ (പദ്ധതിയേതരം)

2016-17-ലെ പെൻഷൻ കുടിശ്ശിക നൽകുന്നതിനും 2017-18-ലെ പെൻഷൻ വിതരണത്തിനും അധിക തുക ആവശ്യമാണെന്നു കാണുന്നതിനാൽ ഈ ശീർഷകത്തിൽ 6,65,30,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം കേരള ബാർബർ - ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പെൻഷൻ വിതരണത്തിനായി ബഡ്ജറ്റ് വിഹിതമായ 48,86,000 (നാൽപ്പത്തിയെട്ട് ലക്ഷത്തി എൺപത്തി ആറായിരം) രൂപയും അധികമായി 47,74,000 (നാൽപ്പത്തിയേഴ് ലക്ഷത്തി എഴുപത്തിനാലായിരം) രൂപയും അനുവദിച്ചു.

ശിപാർശ

2230-01-103-59-10—കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡ്—സംഭാവന

വിഹിതം: 1,50,00,000 രൂപ (പദ്ധതിയേതരം)

മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ 2016-17 വരെ സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശികയിൽ തുക കുറവാണെന്ന് കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 5,38,51,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളി ക്ഷേമനിധി ബോർഡിന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത പ്രകാരം 5,38,51,000 രൂപ കൂടി അധികമായി വകയിരുത്തുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കം അനുവദിക്കില്ലെന്നും, സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ ആവശ്യം പരിഗണിക്കാവുന്നതാണെന്നും ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-57-10—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി—സംഭാവന

വിഹിതം: 2,25,000 രൂപ (പദ്ധതിയേതരം)

കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ആക്റ്റ് പ്രകാരം അംഗങ്ങളുടെ സബ്സ്ക്രിപ്ഷന്റെ 5% ഷെയറായി ബോർഡിന് നൽകുമ്പോൾ, 2017-18-ൽ കൂടുതൽ തുക ആവശ്യമുണ്ടെന്ന് കാണുന്നതിനാൽ ഈ ശീർഷകത്തിൽ 5,11,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2230-01-103-57-10—കേരള ആഭരണ തൊഴിലാളി ക്ഷേമനിധി സംഭാവന എന്ന ശീർഷകത്തിൽ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2,25,000 രൂപ (രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) വകയിരുത്തിയിരുന്നു. 12-4-2017-ലെ സ.ഉ. (സാധാ) നമ്പർ 3360/2017/ധന. സർക്കാർ ഉത്തരവ് പ്രകാരം 2017-18 സാമ്പത്തികവർഷം മേൽ ശീർഷകത്തിൽ 2,01,000 രൂപ അധിക തുകയായി അനുവദിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ആകെ 4,26,000 രൂപ (നാല് ലക്ഷത്തി ഇരുപത്താറായിരം രൂപ മാത്രം) 25-4-2017-ലെ സ.ഉ. (സാധാ) നമ്പർ 560/2017/തൊഴിൽ ഉത്തരവ് പ്രകാരം ലേബർ കമ്മീഷണർക്ക് റിലീസ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ

2230-01-103-51—സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം: 1,37,50,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ എഴുത്താശാൻ-ആശാട്ടി തുടങ്ങിയ അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്കുള്ള ഈ ക്ഷേമ പെൻഷൻ പദ്ധതിയിൽ 2016-17-ലെ പെൻഷൻ കുടിശ്ശികയും 2017-18-ലെ പെൻഷൻ വിതരണത്തിനും കൂടുതൽ തുക ആവശ്യമുള്ളതിനാൽ, ഈ ശീർഷകത്തിൽ 16,27,65,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തികവർഷം കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ വിതരണത്തിനായി ബഡ്ജറ്റ് വിഹിതമായ 1,37,50,000 (ഒരു കോടി മുപ്പത്തിയേഴ് ലക്ഷത്തി അൻപതിനായിരം) രൂപയ്ക്ക് പുറമെ 9,15,03,000 (ഒൻപത് കോടി പതിനഞ്ച് ലക്ഷത്തി മൂവായിരം) രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-01-103-50-10—<u>കേരള അലക്കുതൊഴിലാളി ക്ഷേമപദ്ധതി—സംഭാവന</u>

വിഹിതം: 13,00,000 രൂപ (പദ്ധതിയേതരം)

സർക്കാർ നൽകുവാനുള്ള അംശദായ കുടിശ്ശിക ഉൾപ്പെടെ, 2016-17-ലെ പെൻഷൻ കുടിശ്ശികയും 2017-18-ലെ പെൻഷൻ വിതരണത്തിനും കൂടുതൽ തുക ആവശ്യമാണെന്നു കാണുന്നതിനാൽ ഈ ശീർഷകത്തിൽ 1,42,82,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതിക്ക് ബഡ്ജറ്റ് വിഹിതമായ 13,00,000 (പതിമൂന്ന് ലക്ഷം രൂപ) രൂപയ്ക്ക് പുറമേ അധികമായി 19,94,000 (പത്തൊമ്പത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരം) രൂപയും ഉൾപ്പെടെ 32,94,000 (മുപ്പത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരം) രൂപ 2017-18 സാമ്പത്തികവർഷം അനുവദിച്ചു.

<u>ശിപാർശ</u>

2230-01-103-35-10—<u>കേരള ചുമട്ടുതൊഴിലാളി (വിഭിന്ന മേഖലകളിൽ പണിയെടുക്കുന്നവർ) ക്ഷേമ പദ്ധതി—സംഭാവന</u>

വിഹിതം: 10,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ വിഭിന്ന മേഖലകളിൽ പണിയെടുക്കുന്ന ചുമട്ടുതൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങളും പെൻഷനും നൽകിവരുന്ന ഈ പദ്ധതിക്ക് 2016-17-ലെ പെൻഷൻ കുടിശ്ശിക ഉൾപ്പെടെ അധിക തുക ആവശ്യമായി കാണുന്നതിനാൽ, ഈ ശീർഷകത്തിൽ 6,54,30,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിന് G.O.(Rt.)No.7201/ 2016/Fin. Dated 31-8-2016, G.O.(Rt.)No.6414/2017/Fin. Dated 14-8-2017 എന്നീ ഉത്തരവുകൾ പ്രകാരം 2017 ആഗസ്റ്റ് വരെയുള്ള പെൻഷൻ വിതരണത്തിന് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം പെൻഷൻ നൽകുന്നതിന് തുക ആവശ്യമുള്ളപക്ഷം ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്നും സമിതി മുമ്പാകെ സവിനയം അറിയിക്കുന്നു.

<u>ശിപാർശ</u>

2230-03-001-99—<u>ട്രെയിനിംഗ് ഡയറക്ടറേറ്റ്</u>

വിഹിതം : 6,78,19,000 രൂപ (പദ്ധതിയേതരം)

ട്രെയിനിംഗ് ഡയറക്ടറേറ്റിന് വിവിധ ചെലവുകൾക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ, യാത്രാബത്ത [04(1)] ഇനത്തിൽ 1,00,000 രൂപയും, സ്ഥലംമാറ്റ ബത്ത [04 (2)] ഇനത്തിൽ 21,000 രൂപയും, അവധി യാത്രാനുകൂല്യം [04 (4)] ഇനത്തിൽ 2,13,000 രൂപയും, ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 1,27,000 രൂപയും, ഉൾപ്പെടെ ആകെ 4,61,000 രൂപ ഈ ശീർഷകത്തിൽ അധികം വകയിരുത്തുന്നതിനും, ഡയറക്ടറേറ്റിലെ പഴയ വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനായി മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 10,00,000 രൂപ വകയിരുത്തുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അഡീഷണൽ ഓതറൈസേഷൻ വഴി സ്ഥലംമാറ്റബത്ത ഇനത്തിൽ 30,000 രൂപയും ടെലഫോൺ ചാർജ്ജ് ഇനത്തിൽ 2,00,000 രൂപയും വാഹനം വാങ്ങുന്നതിനായി 10,00,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേനയും അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-001-98—<u>സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കൽ</u>

വിഹിതം : 31,58,000 രൂപ (പദ്ധതിയേതരം)

സ്റ്റാഫ് ട്രെയിനിംഗ് സംവിധാനം വികസിപ്പിക്കുന്നതിനായി ബഡ്ജറ്റ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ട തുക മുഴുവനും അനുവദിക്കാത്തതിനാൽ ഈ ശീർഷകത്തിൽ വൈദ്യുതചെലവ് [05 (2)] ഇനത്തിൽ 19,000 രൂപയും, മറ്റിനങ്ങൾ [05 (4)] ഇനത്തിൽ 9,000 രൂപയും ഉൾപ്പെടെ ആകെ 28,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വൈദ്യുത ചാർജ്ജ് ഇനത്തിൽ 25,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-001-96—<u>വ്യാവസായിക പരിശീലനവകുപ്പിന്റെ നൈപുണ്യം മെച്ചപ്പെടുത്തൽ പദ്ധതി</u>

വിഹിതം : 35,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്ത് സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനായി 'കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ്' എന്ന നോൺ പ്രോഫിറ്റ് കമ്പനിയുടെ പ്രവർത്തനങ്ങളായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC) അക്കാഡമിയുടെ ഒന്നാംഘട്ട നിർമ്മാണത്തിന്റെ പൂർത്തീകരണം, നഴ്സിംഗ് & സെക്യൂരിറ്റി അക്കാഡമി, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന്റെ രണ്ടാം ഘട്ട നിർമ്മാണം, നൈപുണ്യ വികസനത്തെക്കുറിച്ച് അവബോധം വർദ്ധിപ്പിക്കൽ, കൗശൽ കേന്ദ്ര, i-STEP സംരംഭങ്ങൾ തുടങ്ങിയവയ്ക്കു 2017-18 വർഷത്തേയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 11,00,00,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴിയും അഡീഷണൽ ആതറൈസേഷൻ വഴിയും സമിതി ശിപാർശ ചെയ്ത തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടില്ല.

<u>ശിപാർശ</u>

2230-03-101-99—<u>വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ</u>

വിഹിതം : 150,79,43,000 രൂപ (പദ്ധതിയേതരം)

വിവിധ വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ യാത്രാബത്ത [04 (1)] ഇനത്തിൽ 1,50,00,000 രൂപയും, സ്ഥലംമാറ്റ ബത്ത [04 (2)] ഇനത്തിൽ 4,00,000 രൂപയും, അവധി യാത്രാനുകൂല്യം [04 (4)] ഇനത്തിൽ 15,00,000 രൂപയും, ടെലഫോൺ ചെലവ് [05(03)] ഇനത്തിൽ 4,00,000 രൂപയും, വാടക, കരം, നികുതി (06) ഇനത്തിൽ 2,00,000 രൂപയും, സ്കോളർഷിപ്പുകളും

സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 30,00,000 രൂപയും, ഔദ്യോഗികഭാഷാ പ്രയോഗം (26) ഇനത്തിൽ, 1,75,000 രൂപയും, തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ (28) ഇനത്തിൽ 65,00,000 രൂപയും, വെള്ളക്കരം [34 (1)] ഇനത്തിൽ 3,00,000 രൂപയും, വൈദ്യുതി ചെലവ് [34(2)] ഇനത്തിൽ 16,50,000 രൂപയും, മറ്റിനങ്ങളിൽ [34 (3)] 1,00,00,000 രൂപയും ഉൾപ്പെടെ ആകെ 3,91,25,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യാത്രാബത്ത ഇനത്തിൽ 10,00,000 രൂപയും മറ്റിനങ്ങളിൽ 15,00,000 രൂപയും റീ അപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-96—<u>വനിതാ വ്യാവസായിക പരിശീലന കേന്ദ്രം—തിരുവനന്തപുരം</u>

വിഹിതം : 2,72,98,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരം വനിതാ വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ യാത്രാബത്ത [04 (1)] ഇനത്തിൽ 2,28,000 രൂപയും, സ്ഥലംമാറ്റ ബത്ത [04 (2)] ഇനത്തിൽ 33,000 രൂപയും, വെള്ളക്കരം [34 (1)] ഇനത്തിൽ 9,000 രൂപയും ഉൾപ്പെടെ ആകെ 2,70,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യാത്രാബത്ത ഇനത്തിൽ 50,000 രൂപ റീ അപ്രോപ്രിയേഷൻ വഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-83—<u>ഐ.റ്റി.ഐ.-കൾ ഉൽകൃഷ്ട സ്ഥാപനങ്ങളായി ഉയർത്തൽ (75% കേന്ദ്ര സഹായം)</u>

വിഹിതം : ഇല്ല (പദ്ധതി)

ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന വേൾഡ് ബാങ്ക് പ്രോജക്ട് പൂർത്തിയായിട്ടുള്ളതിനാൽ, ടി പ്രോജക്ടിന്റെ ഫണ്ട് വിനിയോഗത്തിന്റെ കണക്കെടുപ്പ്, ആഡിറ്റ് പരിശോധന തുടങ്ങിയ പ്രക്രിയകൾ പൂർത്തിയാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള

സ്റ്റേറ്റ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ സേവനമനുഷ്ഠിക്കുന്ന ഒരു അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ക്ലാർക്ക് എന്നീ തസ്തികകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് ചെലവുകളും നൽകുന്നതിനുവേണ്ടി, ഈ ശീർഷകത്തിൽ 28,48,000 രൂപ വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഉപധനാഭ്യർത്ഥനവഴിയും അഡീഷണൽ ആതറൈസേഷൻവഴിയും തുക ആവശ്യപ്പെട്ടുവെങ്കിലും വിഭവലഭ്യതയുടെ അഭാവത്തിൽ തുക അനുവദിക്കപ്പെട്ടിട്ടില്ല.

<u>ശിപാർശ</u>

2230-03-101-80—<u>പുതിയ ഐ.റ്റി.ഐ-കൾ സ്ഥാപിക്കൽ</u>

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

സർക്കാർ തലത്തിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പടിയൂർ, പേരാമ്പ്ര, പെരുമാട്ടി, വാമനപുരം എന്നിവിടങ്ങളിൽ പൂർണ്ണതോതിലുള്ള ഐ.റ്റി.ഐ. നിർമ്മാണത്തിനും, കോടോംബേളൂർ, ധർമ്മടം, ചാത്തമംഗലം, കൊട്ടാരക്കര, വർക്കല എന്നിവിടങ്ങളിൽ പുതിയ ഐ.റ്റി.ഐ.-കൾ സ്ഥാപിക്കുന്നതിനും 2017-18 വർഷത്തേയ്ക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അഡീഷണൽ ആതറൈസേഷൻ വഴി പ്രസ്തുത തുക അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-76—<u>വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം</u>

വിഹിതം : 79,04,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും ആധുനിക തൊഴിൽ പരിശീലനം നൽകുന്നതിനായി സ്ഥാപിച്ചിട്ടുള്ള എ.വി.റ്റി.എസ്. കളമശ്ശേരി എന്ന സ്ഥാപനത്തിന് യാത്രാബത്ത [04 (1)] ഇനത്തിൽ 1,00,000 രൂപയും, സ്ഥലംമാറ്റ ബത്ത

[04 (2)] ഇനത്തിൽ 7,000 രൂപയും, ടെലഫോൺ ചെലവ് [05 (03)] ഇനത്തിൽ 3,000 രൂപയും, മറ്റിനങ്ങൾ [05 (04)] ഇനത്തിൽ 3,000 രൂപയും, മറ്റിനം [34 (3)] ഇനത്തിൽ 29,000 രൂപയും, ഉൾപ്പെടെ ആകെ 1,42,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യാത്രാബത്ത ഇനത്തിൽ 30,000 രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-101-74—<u>വനിതാ ഐ. ടി. ഐ.-കൾ സ്ഥാപിക്കൽ (തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കൽ)</u>

വിഹിതം : 2,04,26,000 രൂപ (പദ്ധതിയേതരം)

തൊഴിൽ പരിശീലനത്തിലെ ലിംഗ വിവേചനം ലഘൂകരിക്കാൻ ഉദ്ദേശിച്ച് സ്ഥാപിക്കുന്ന വനിതാ ഐ.റ്റി.ഐ.-കൾക്ക് യാത്രാബത്ത [04 (1)] ഇനത്തിൽ 4,00,000 രൂപയും, സ്ഥലംമാറ്റ ബത്ത [04 (2)] ഇനത്തിൽ 20,000 രൂപയും, ടെലഫോൺ ചെലവ് [05 (03)] ഇനത്തിൽ 37,000 രൂപയും, മറ്റിനങ്ങൾ [05 (04)] ഇനത്തിൽ 12,000 രൂപയും ഉൾപ്പെടെ ആകെ 4,69,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ അഭാവംമൂലം സമിതി ശിപാർശ ചെയ്ത തുക അനുവദിക്കാൻ കഴിഞ്ഞില്ല എങ്കിലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ പ്രസ്തുത ശീർഷകത്തിൽ 35,000 രൂപ അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-03-102-99—<u>ദേശീയ തൊഴിലഭ്യസന പരിപാടികൾ</u>

വിഹിതം : 4,86,13,000 രൂപ (പദ്ധതിയേതരം)

ദേശീയ തൊഴിലഭ്യസന പരിപാടികൾക്കായി സ്ഥാപിച്ചിട്ടുള്ള ആർ.ഐ. സെന്ററുകൾക്ക് അവധി യാത്രാനുകൂല്യം [04(04)] ഇനത്തിൽ 50,000 രൂപയും, വെള്ളക്കരം [05 (1)] ഇനത്തിൽ 10,000 രൂപയും, സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും (12) ഇനത്തിൽ 1,97,00,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 1,97,60,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സ്റ്റൈപന്റ് ഇനത്തിൽ 1,50,000 രൂപയും തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ (28 P&SS) ഇനത്തിൽ 3,00,000 രൂപയും അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2230-02-001-99—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

വിഹിതം : 58,66,01,000 രൂപ (പദ്ധതിയേതരം)

ആന്വൽ മെയിന്റനൻസ് കോൺട്രാക്ടുകൾ (എ.എം.സി.) നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 10,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യഥാർത്ഥ ചെലവിന് അനുസൃതമായി അധികധനാനുമതിക്കുള്ള നിർദ്ദേശം എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ അധികതുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

<u>ശിപാർശ</u>

2230-02-101-96—<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള നിയമനത്തിനായുള്ള സ്പെഷ്യൽ സെൽ</u>

വിഹിതം : 88,82,000 രൂപ (പദ്ധതിയേതരം)

അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാകയാൽ, യാത്രാബത്ത [04 (1)] ഇനത്തിൽ 20,000 രൂപയും, സ്ഥലംമാറ്റബത്ത [04 (2)] ഇനത്തിൽ 10,000 രൂപയും, ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 30,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

G.O. (Rt.) No. 8050/2017/Fin. dated 25-10-2017 ഉത്തരവ് പ്രകാരം 04(1) ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 20,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

04 (2) ശീർഷകത്തിൽ യഥാർത്ഥ ചെലവിന് അനുസൃതമായി അധിക ധനാനുമതിക്കുള്ള നിർദ്ദേശം എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ അധികതുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-02-101-93—എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർചെയ്ത ഭിന്നശേഷിയുള്ള വർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ)

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

സംരംഭകത്വ അഭിരുചിയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സാമ്പത്തിക സഹായവും പരിശീലനവും നൽകുന്നതിനും അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനും, മത്സരപരീക്ഷകൾക്കുള്ള പരിശീലനം നൽകുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ ഉദ്യോഗാർത്ഥികളിൽനിന്നും ലഭിച്ച അപേക്ഷകൾ പൂർണ്ണമായും പരിഗണിക്കണമെങ്കിൽ കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2,00,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം വ്യാവസായിക പരിശീലന വകുപ്പ് കൈവല്യ പദ്ധതിക്കായി റവന്യൂ വകുപ്പിൽ 9.25 കോടി രൂപ സറണ്ടർ ചെയ്യുവെങ്കിലും എംപ്ലോയ്മെന്റ് വകുപ്പുമുഖേന നടപ്പിലാക്കി വരുന്ന കൈവല്യ പദ്ധതിയുടെ വായ്പകൾ നൽകുന്നതിനായി ഇൗന്ന 6250-60-800-97(P) കൈവല്യ പദ്ധതി ഹെഡ്ഡിലേക്ക് വകമാറ്റി ഉപയോഗിക്കാൻ സാധ്യമല്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിലും ധനവകുപ്പിന്റെ അഭിപ്രായ പ്രകാരം റീ-അപ്രോപ്രിയേഷൻ മുഖേന ധനാഗമന മാർഗ്ഗം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലും കൈവല്യ പദ്ധതിക്കായി '6250-60-800-97-(പ്ലാൻ)'; '2230-02-101-93-പ്ലാൻ' എന്നീ ശീർഷകങ്ങളിൽ അഞ്ചു കോടി രൂപ കൂടി അധികമായി അനുവദിക്കുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് ഡയറക്ടർ 20-12-2017-ൽ സമർപ്പിച്ചിരുന്ന പ്രോപ്പോസൽ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും പ്രസ്തുത പ്രോപ്പോസൽ 2018 ഏപ്രിൽ ആദ്യവാരം സമർപ്പിക്കുവാൻ ധനവകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തു. ആയതിൻ പ്രകാരം 7-4-2018-ൽ പ്രസ്തുത ഫയൽ (LBRD-H1/143/2017-LBRD) ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2018-19

സാമ്പത്തികവർഷം '2230-02-101-93-പ്ലാൻ', 6250-60-800-97(P) എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള 110 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് 10-4-2018-ലെ സ.ഉ.(സാധാ) നമ്പർ 416/2015/തൊഴിൽ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

വകുപ്പ് ലഭ്യമാക്കിയ അന്തിമ മറുപടി ചുവടെ ചേർക്കുന്നു:

2017-18 സാമ്പത്തിക വർഷം വ്യാവസായിക പരിശീലന വകുപ്പ് കൈവല്യ പദ്ധതിക്കായി റവന്യു ഹെഡിൽ 9.25 കോടി രൂപ സറണ്ടർ ചെയ്തുവെങ്കിലും എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന 'കൈവല്യ' പദ്ധതിയുടെ വായ്പകൾ നൽകുന്നതിനായി തുറന്ന '6250-60-800-97(P) കൈവല്യ പദ്ധതി' ഹെഡിലേയ്ക്ക് വകമാറ്റി ഉപയോഗിക്കാൻ സാദ്ധ്യമല്ലായെന്ന് ധനവകുപ്പ് അറിയിച്ച സാഹചര്യത്തിലും, ധനവകുപ്പിന്റെ അഭിപ്രായ പ്രകാരം റീഅപ്രോപ്രിയേഷൻമുഖേന ധനാഗമനമാർഗം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിലും 'കൈവല്യ' പദ്ധതിക്കായി '6250-60-800-97(പ്ലാൻ)', '2230-02-101-93-പ്ലാൻ' എന്നീ ശീർഷകങ്ങളിൽ അഞ്ചു കോടി രൂപ കൂടി അധികമായി അനുവദിക്കുന്നതിലേക്കായി എംപ്ലോയ്മെന്റ് ഡയറക്ടർ 20-12-2017-ൽ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ ധനകാര്യവകുപ്പിലേയ്ക്ക് അയയ്ക്കുകയും പ്രസ്തുത പ്രൊപ്പോസൽ 2018 ഏപ്രിൽ ആദ്യവാരം സമർപ്പിക്കുവാൻ ധനവകുപ്പ് അഭിപ്രായപ്പെടുകയും ചെയ്തു. ആയതിൻപ്രകാരം 7-4-2018-ൽ പ്രസ്തുത ഫയൽ (LBRD-H1/143/2017-LBRD) ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. 2018-19 സാമ്പത്തികവർഷം 'കൈവല്യ' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചു കഴിഞ്ഞതിനുശേഷം ആവശ്യമുള്ള അധികം തുകയ്ക്ക് അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത ഫയൽ ധനകാര്യവകുപ്പിൽനിന്നും തിരികെ വരികയും, ആയത് 2-5-2018-ലെ LBRD/H1/143/2017-LBRD നമ്പർ കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

## ശിപാർശ

2230-02-101-91—രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ/ ഉപേക്ഷിക്കപ്പെട്ടവർ/ വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയം തൊഴിൽ പദ്ധതി

വിഹിതം : 16,00,00,000 രൂപ (പദ്ധതി)

ശരണ്യാ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവിനാൽ ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ

അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നിവർക്കപുറമേ അംഗപരിമിതരായ വനിതകളെയും ഭർത്താവ് ശയ്യാവലംബരായ വനിതകളെയും കൂടി അർഹരാക്കിയും, കൂടാതെ നിലവിൽ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് സംരംഭങ്ങൾ വിപുലീകരിക്കാൻ തുടർ വായ്പ നൽകുന്നതിനും ഉത്തരവായിട്ടുള്ളതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക വളരെ കുറവാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 14,00,00,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

26-3-2018-ലെ സ.ഉ.(സാധാ) നമ്പർ 329/2018/തൊഴിൽ ഉത്തരവ് പ്രകാരം '2230-02-101-88 Plan Conversion of Employment Exchanges into Centers of Skill & Employability Development' എന്ന ശീർഷകത്തിൽ നിന്നും 3,25,00,000 രൂപ (മൂന്ന് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ) 2230-02-101-91-Plan-Saranya Scheme' എന്ന ശീർഷകത്തിലേയ്ക്ക് റീ അപ്രോപ്രിയേറ്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ 2018-19 സാമ്പത്തികവർഷം '2230-02-101-91-പ്ലാൻ' എന്ന ശീർഷകത്തിൽ 8.6 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

2230-02-101-89—<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ</u>

വിഹിതം : 75,86,000 രൂപ (പദ്ധതിയേതരം)

ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റുകളും ഫാക്കൽറ്റികൾക്കുള്ള ഓണറേറിയവും വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യഥാർത്ഥ ചെലവിന് അനുസൃതമായി അധികധനാനുമതിക്കുള്ള നിർദ്ദേശം എംപ്ലോയ്മെന്റ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ അധികതുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

ശിപാർശ

2230-01-102-99—വ്യവസായശാലാ ഡയറക്ടറാഫീസ്

വിഹിതം : 13,29,59,000 രൂപ (പദ്ധതിയേതരം)

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനുകീഴിൽ ഫാക്ടറി പരിശോധനയ്ക്കു പോകുന്നതിനു വേണ്ടി വാഹനങ്ങളുടെ ഇന്ധനവും (45), അറ്റകുറ്റപ്പണികളും [06(2)] ഇനത്തിൽ 1,40,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സർക്കാർ സ്വീകരിച്ച നടപടി

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് 2017-18 സാമ്പത്തിക വർഷത്തിൽ 2230-01-102-99-21-2 വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണിയും (നോൺ പ്ലാൻ) ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച 1,06,000 രൂപ പര്യാപ്തം ആകുകയും 90,737 രൂപ ചെലവ് കഴിഞ്ഞ് 15,203 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. 2230-01-102-99-45-POL (നോൺ പ്ലാൻ) ഇനത്തിൽ ബഡ്ജറ്റ് വിഹിതം 1,06,000 രൂപ അനുവദിക്കുകയും G.O.(Rt.)No.491/2018/Fin. dated 20-1-2018 പ്രകാരം 1,00,000 രൂപ re-appropriation വഴി കിട്ടുകയും, ഇത് രണ്ടും കൂടി 2,06,000 രൂപയിൽ 2,03,925 രൂപ ചെലവാകുകയും 2,075 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു. ആയതിനാൽ, സമിതി അധികമായി വകയിരുത്താൻ ശിപാർശ ചെയ്ത 1,40,000 രൂപ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന് ആവശ്യമില്ല.

ശിപാർശ

2230-03-101-66-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്—സഹായധനം—ശമ്പളേതരം

വിഹിതം : 24,14,000 രൂപ (പദ്ധതിയേതരം)

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങൾക്കും മറ്റ് ദൈനംദിന ചെലവുകൾക്കും കൂടി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 14,87,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

ശിപാർശ

2230-03-800-94-36—കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്—സഹായധനം—ശമ്പളേതരം

വിഹിതം : 2,80,00,000 രൂപ (പദ്ധതി)

ഒരു ദിവസത്തെ വേതനം നഷ്ടപ്പെടുത്തി ട്രെയിനിംഗ് പ്രോഗ്രാമുകളിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് ദിനബത്ത നൽകുക, പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഇൻഡസ്ട്രിയൽ-കം-എന്റർടൈൻമെന്റ് ടൂർ, ILSM-ന്റെ അടിസ്ഥാന നിർമ്മാണ പുരോഗതിയ്ക്കായി സ്ഥലം വാങ്ങുക (ഒന്നാം ഘട്ടം), തൊഴിൽ വകുപ്പിന്റെ വേതന സുരക്ഷാ പദ്ധതിയുടെയും, ഓൺലൈൻ രജിസ്ട്രേഷന്റെയും ബഹുമുഖ ബോധവൽക്കരണം എന്നിവയ്ക്കായി അധിക തുക ആവശ്യമായി കാണുന്നതിനാൽ 4,34,00,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സർക്കാർ സ്വീകരിച്ച നടപടി (ഖണ്ഡികകൾ 41-42)

2017-18 സാമ്പത്തിക വർഷത്തിൽ കിലെയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന്റെ 40 ശതമാനത്തോളം ചെലവഴിക്കാതെ തിരിച്ചടയ്ക്കുന്ന സാഹചര്യത്തിലും കിലെയുടെ ക്യാമ്പസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച് ഇതുവരെ അന്തിമ തീരുമാനം ആയിട്ടില്ലാത്ത സാഹചര്യത്തിലും സമിതി ശിപാർശ ചെയ്ത അധിക തുക റിപ്പോർട്ട് സാമ്പത്തിക വർഷം കിലെയ്ക്ക് അനുവദിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിൽ കിലെയ്ക്ക് പ്ലാൻ ഇനത്തിൽ മൂന്ന് കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 25,34,000 രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശിപാർശ

2230-01-101-96—വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ

വിഹിതം : 83,03,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ആലപ്പുഴ എന്ന സ്ഥാപനത്തിന് ആലപ്പുഴയ്ക്കുപുറമെ എറണാകുളം, പത്തനംതിട്ട ജില്ലകൾ കൂടി അധികാര പരിധിയിൽ വരുന്നതിനാൽ, എറണാകുളം, പത്തനംതിട്ട, മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ കക്ഷികളുടെ സൗകര്യാർത്ഥം ക്രമമായി ക്യാമ്പ് സിറ്റിംഗ് നടത്തേണ്ടതിനാൽ, ഈ ആവശ്യത്തിലേക്കായി യാത്രാബത്ത [04(1)] ഇനത്തിൽ 1,23,000 രൂപയും, പി.ഒ.എൽ. (45) ഇനത്തിൽ 27,000 രൂപയും, ഉൾപ്പെടെ ആകെ 1,50,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

യാത്രാബത്ത [04(1)] ഇനത്തിൽ ഒരു ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 50,000 രൂപയും അധികമായി അനുവദിക്കുകയുമുണ്ടായി.

<u>ശിപാർശ</u>

2230-01-101-95—<u>വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്</u>

വിഹിതം : 94,45,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോടിന് ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ [05(04)] ഇനത്തിൽ 40,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2230-01-101-94—<u>വ്യാവസായിക ട്രിബ്യൂണൽ, കൊല്ലം</u>

വിഹിതം : 97,82,000 രൂപ (പദ്ധതിയേതരം)

ടി കാര്യാലയത്തിലെ കമ്പ്യൂട്ടറുകളുടെയും, ഫോട്ടോസ്റ്റാറ്റ് മെഷീന്റെയും വാർഷിക പരിപാലന കരാർ പുതുക്കുന്നതിനും, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 15,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 45,000 രൂപ ധനപുനർവിനിയോഗം മുഖേന അനുവദിച്ചു.

ശിപാർശ

2230-01-101-86—വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കി

വിഹിതം : 81,14,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, ഇടുക്കിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് യാത്രാബത്ത [04 (1)] ഇനത്തിൽ 2,83,000 രൂപയും, ടെലഫോൺ ചെലവ് [05 (3)] ഇനത്തിൽ 16,000 രൂപയും, മറ്റിനങ്ങൾ [05(4)] ഇനത്തിൽ 99,000 രൂപയും ഈ കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്ക് പുതിയ വാഹനം വാങ്ങുന്നതിനായി മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ 8,00,000 രൂപയും ഈ ഓഫീസ് പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുന്നതിലേയ്ക്കായി വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ 9,73,000 രൂപയും ഉൾപ്പടെ ആകെ 21,71,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി സമിതി ശിപാർശ അനുസരിച്ചുള്ള അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-85—വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 88,74,000 രൂപ (പദ്ധതിയേതരം)

ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിനും, മേയ് മാസം മുതൽ ജഡ്ജിയുടെ വീട്ടുവാടക പുതുക്കി നിശ്ചയിക്കേണ്ടതിനാലും വാടക, കരം, നികുതി (06) ഇനത്തിൽ 2,75,000 രൂപയും, ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിന് വിവരസാങ്കേതിക വിദ്യ (99) ഇനത്തിൽ 2,85,000 രൂപയും ഉൾപ്പെടെ ആകെ 5,60,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സർക്കാർ സ്വീകരിച്ച നടപടി

വാടക, കരം, നികുതി (06) ഇനത്തിൽ 2,21,000 രൂപ അധികമായി അനുവദിക്കുകയുണ്ടായി. എന്നാൽ വിവരസാങ്കേതികവിദ്യ (99) ഇനത്തിൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2230-01-101-80—വ്യാവസായിക ട്രിബ്യൂണൽ, തിരുവനന്തപുരം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

തിരുവനന്തപുരം ആസ്ഥാനമായി വ്യാവസായിക ട്രിബ്യൂണൽ രൂപീകരിക്കുവാൻ 8-12-2015-ൽ ഉത്തരവായിട്ടുള്ളതിനാൽ, തിരുവനന്തപുരം വ്യാവസായിക ട്രിബ്യൂണലിന് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി കെട്ടിട വാടക, ജീവനക്കാരുടെ ശമ്പളം, മറ്റ് അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, ഈ ശീർഷകത്തിൽ 35,58,000 രൂപ അധികമായി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സർക്കാർ സ്വീകരിച്ച നടപടി

തിരുവനന്തപുരം വ്യാവസായിക ട്രിബ്യൂണലിന് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിലേയ്ക്കായി വിവിധ ശീർഷകങ്ങളിലായി 58,56,000 രൂപയും 22,57,000 രൂപയും രണ്ട് തവണകളായി അധികമായി അനുവദിക്കുകയുണ്ടായി.

ശിപാർശ

2230-01-101-79—വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂർ

വിഹിതം : 53,91,000 രൂപ (പദ്ധതിയേതരം)

വ്യാവസായിക ട്രിബ്യൂണൽ, തൃശ്ശൂരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ, വേതനം (02) ഇനത്തിൽ 12,96,000 രൂപയും വാഹനത്തിന്റെ ഇന്ധനത്തിന് തുക ഒന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ പി.ഒ.എൽ. (45) ഇനത്തിൽ 80,000 രൂപയും വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ, [21 (2)] ഇനത്തിൽ 30,000 രൂപയും ഉൾപ്പെടെ ആകെ 14,06,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

വേതനം (02) [05 Daily wages] ഇനത്തിൽ 12,96,000 രൂപയും വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ [21(2)] ഇനത്തിൽ 30,000 രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 80,000 രൂപയും അധികമായി അനുവദിക്കുകയുണ്ടായി.

ശിപാർശ

2210-01-102-96—ഇ.എസ്.ഐ.-യുടെ കീഴിലുള്ള പ്രത്യേക ഘടക പദ്ധതികൾക്കുള്ള ചെലവ്

വിഹിതം : 58,14,80,000 രൂപ (പദ്ധതിയേതരം)

2016 സെപ്റ്റംബർ മുതലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിന്മേൽ തുകകൾ നൽകേണ്ടതിനാലും, ESI-യുടെ പുതിയ നയമനുസരിച്ച് ESIC 2.0 നിലവിൽവന്ന സാഹചര്യത്തിൽ ഐ.പി.-കളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകാൻ സാധ്യതയുള്ളതിനാലും, ഡ്രഗ്സും ഡ്രസ്സിംഗും (01) ഇനത്തിൽ 20,00,00,000 രൂപയും, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ (03) ഇനത്തിൽ 5,00,00,000 രൂപയും, മെഡിക്കൽ ക്ളെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ് (04) ഇനത്തിൽ 7,75,48,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 32,75,48,000 രൂപ അധികമായി വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സർക്കാർ സ്വീകരിച്ച മറുപടി

2210-01-102-96-01 (ഡ്രഗ്സും ഡ്രസിംഗ്സും), 2210-01-102-96-04 (മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇംബേഴ്സ്മെന്റ്) എന്നീ ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ അധികമായി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ല.

2210-01-102-96-03 (സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ) എന്ന ശീർഷകത്തിലേക്ക് 26-3-2018-ലെ സ.ഉ.(സാധാ) നമ്പർ 2649/2018/ തൊഴിൽപ്രകാരം 8,00,00,000 രൂപ (എട്ട് കോടി രൂപ മാത്രം) റീ അപ്രോപ്രിയേഷൻവഴി അനുവദിച്ച് നൽകിയിട്ടുണ്ട്.

ഭാഗം-2

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ലഭിക്കാത്ത ഖണ്ഡികകൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തൊഴിലും നൈപുണ്യവും വകുപ്പ് | 3, 12, 13, 15, 16, 19, 24 |
| 2 | ഊർജ്ജ വകുപ്പ് | 51 മുതൽ 58 വരെ |

ടി. പി. രാമകൃഷ്ണൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2018 ജൂൺ 19.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.